"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ ചേരിക്കുണ്ട് കടിവെള്ള പദ്ധതി നടത്തിപ്പിലെ ക്രമക്കേട് - തുടർനടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2192/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/11/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.01.2014-ലെ ഇ9(വിഇ 2/2013/പികെഡി) 16847/2012 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 14.02.2014-ലെ 1156/ഡി3/2014/വിജി. നമ്പർ കത്ത്

3 പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി 05.10.2018-ലെ എ.വി.എസ്.8899/14 നമ്പർ കത്ത്

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് കടിവെള്ള പദ്ധതി നടത്തിപ്പിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിറ്റ് അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് കടിവെള്ള പദ്ധതി നടപ്പിലാക്കുന്നതും തുക വിതരണം ചെയ്യുന്നതും സംബന്ധിച്ച ക്രമക്കേടുകൾക്കുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ 2012-13 വർഷത്തിൽ നടപ്പിലാക്കിയ കടിവെള്ള പദ്ധതികളായ വെള്ളിനേഴി-മുറിയങ്കണ്ണി റോഡ് കടിവെള്ള പദ്ധതി, കളക്കാട്-കറുവട്ടൂർ റോഡ് കടിവെള്ള പദ്ധതി എന്നീ പദ്ധതികളുടെ പണി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകിയതായി വെള്ളിനെഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും 2012-13 വർഷത്തിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കറുവട്ടൂർ പാൽ സൊസൈറ്റി - ചേരിക്കുണ്ട് പൈപ്പ്ലൈൻ നീട്ടൽ എന്ന പദ്ധതി തുടങ്ങിയതായും മേൽ പദ്ധതി നടത്തിപ്പിൽ ക്രമക്കേട് ഉള്ളതായി ആരോപിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും വിജിലൻസ് അധികൃതർ കൊണ്ടുപോയതായും ടി പദ്ധതി അനിശ്ചിതമായി നിർത്തി വെയ്ക്കുകയും കാലതാമസം നേരിട്ടതിനാൽ പദ്ധതി തുക ലാപ്സ് ആയതായും പിന്നീട് പദ്ധതി ഉപേക്ഷിച്ചതായും മേൽ പ്രവർത്തിക്ക് യാതൊരു അഡ്വാൻസ് തുകയും വാങ്ങിയിട്ടില്ലെന്നും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്ന് ടി പ്രവർത്തിയുടെ കൺവീനറും ചെയർമാനും എഴുതി നൽകിയതായും പദ്ധതി ഒഴിവാക്കിയതായി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി

നടപ്പിലാക്കുന്നതിനും തുക വിതരണം ചെയ്യുന്നതിനും ക്രമക്കേടുകൾക്കുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് 10.03.2014-ൽത്തന്നെ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയത് 23.03.2019 ലാണ്. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പദ്ധതി തുടങ്ങിയതായും മേൽ പദ്ധതി നടത്തിപ്പിൽ ക്രമക്കേട് ഉള്ളതായി ആരോപിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും വിജിലൻസ് അധികൃതർ കൊണ്ടുപോയതായും ടി പദ്ധതി അനിശ്ചിതമായി നിർത്തിവെയ്ക്കുകയും കാലതാമസം നേരിട്ടതിനാൽ പദ്ധതി തുക ലാപ്സ് ആയതായും പിന്നീട് പദ്ധതി ഉപേക്ഷിച്ചതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഫയലുകൾ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് പദ്ധതി നടത്തിപ്പ് ദീർഘിച്ചത്. അതിനെത്തുടർന്ന് ഫണ്ട് ലാപ്സായതിനാൽ പ്രവർത്തി നിർത്തി വയ്ക്കുകയും ചെയ്തു. സർക്കാരിൽനിന്നും സമയ ബന്ധിതമായി നിർദ്ദേശം നൽകിയിരുന്നെങ്കിലും അതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിലും ടി പദ്ധതി നടപ്പാക്കലുമായുണ്ടായ പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ വിഷയത്തിൽ തുടർനടപടികൾ ആവശ്യമില്ലായെന്നുകണ്ട് ഫയലിന്മേൽ തുടർനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/341/2019-വിജി. തീയതി 29.08.2019 പ്രകാരം)
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/187/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.11.24 11:34:16 IST
Reason: Approved

സെക്ഷൻ ഓഫീസർ